# ആരാണ് ആരാധനക്കർഹനായ ഏകൻ?

[ **Malayalam**]

# الواحد الأحد الذي يستحق للعبادة

[ باللغة مليالم ]

സ്വാലിഹ് അസ്വാലിഹ്

صالح الصالح

പരിഭാഷ: ഉസ്മാൻ പാലക്കാഴി

عثمان بالكازي

നിച്ച് ഓഫ് ട്രൂത്ത്, കേരള

جمعية مشكاة الحق - كيرلا - الهند

بسم الله الرحمن الرحيم

മനുഷ്യന് തന്റെ സ്രഷ്ടാവിനോടുള്ള സമർപ്പണവും വിധേയത്വവുമാണ് ഇസ്ലാമിന്റെ സത്ത. ഇസ്ലാം എന്ന പേര് ദൈവം (അല്ലാഹു) സ്വയം തിരഞ്ഞെടുത്തതാണ്. മനുഷ്യരല്ല. അല്ലാഹു തന്റെ എല്ലാ പ്രവാചകന്മാർക്കും സന്ദേശവാഹകർക്കും വെളിപ്പെടുത്തിയതും അവർ തങ്ങളുടെ പ്രദേശങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്ത അതേ സന്ദേശം തന്നെ യാണത്. അതിന്റെ അവസാനത്തേതും സാർവ്വദേശീയവുമായ രൂപം മുഹമ്മദ് നബി(സ)ക്കാണ് അവതീർണ്ണമായത്.

യഥാർഥവും അദ്വിതീയനും പ്രൌഢിയുള്ളവനുമായ ദൈവത്തിന് അനുരൂപമായ നാമമോ പദവിയോ ആണ് 'അല്ലാഹു' എന്നത്. അല്ലാഹുവിന്റെ പേരായ ഈ നാമം (നൌൻ) അവനൊഴികെ മറ്റൊന്നിനും നൽകാവതല്ല. ഏറ്റവും പ്രൌഢിയുള്ളവനായ അവന്റെ ഇതര നാമങ്ങൾ അല്ലാഹു എന്ന നാമത്തിന്റെ തുടർച്ചയായ മറ്റു നാമങ്ങളാണ്. 'മഅ്ലൂഹ്' എന്നതാണ് 'അല്ലാഹു' എന്ന നാമത്തിന്റെ സാരം. സ്നേഹം, അഭിലാഷം, ദിവ്യത്വം, സ്തുതി എന്നിവയിൽ നിന്നുൽഭൂതമാകുന്ന ആരാധനക്കർഹൻ എന്നതാണാ പദത്തിനർത്ഥം. അവനാണ് സ്രഷ്ടാവ്. ദൈവകൽപനകൾ അവനിൽ നിന്നുള്ളതാണ്. കല്ല്, പ്രതിമ,കുരിശ്, ത്രികോണം, ഖുമൈനി, ഫാറാഖാൻ, എലിജാസ്, മാൽകം എക്സ്, ഗാന്ധി, കൃഷ്ണൻ, ഗുരുക്കൾ, ബുദ്ധൻ, ചക്രവർത്തി, ജോസഫ് സ്മിത്ത്, സൂര്യൻ, ചന്ദ്രൻ , ഡയാന, ഇടിമിന്നൽ നദികൾ, പശുക്കൾ, രാമൻ, അംബലങ്ങൾ, പ്രവാചകന്മാർ, സന്ദേശവാഹകർ (അതെ! മുസ്ലിംകൾ മുഹമ്മദ് നബിയെ ആരാധിക്കുന്നില്ല), പാതിരിമാർ, സന്യാസിമാർ, ഹെയിലി, സലാസ്സി, സിനിമാ താരങ്ങൾ, ശൈഖുമാർ.... ആദിയായവർക്ക് നൽകുന്ന ആരാധനകൾ ഉചിതമല്ല.

അവയെല്ലാം സൃഷ്ടിക്കപ്പെട്ട ജീവികളോ വസ്തുക്കളോ മാത്രമാണ്.

അല്ലാഹു എന്ന നാമം മനുഷ്യൻ തിരഞ്ഞെടുത്ത തല്ല.ഏതെങ്കിലും പ്രവാചകന്റെയോ പുണ്യവാളന്റെ യോ പുണ്യപുരുഷന്റെയോ പേര് തിരഞ്ഞെടുത്തതു മല്ല. ആദം, യേശു, മോശ തുടങ്ങി അന്ത്യപ്രവാചകൻ മുഹമ്മദ് നബി(സ) അടങ്ങിയ ഏല്ലാ പ്രവാചകന്മാ രും ആരാധനക്കർഹനായ ഏകനായ, ഒരൊറ്റ യതാർത്ഥ ദൈവം എന്ന നിലയിൽ ദൈവത്തെക്കുരിച്ച് ദൈവത്തിൽ നിന്നും മനസ്സിലാക്കിയ നാമമാണ് 'അല്ലാഹു'.

ഏതാണ് നന്മ, ഏതാണ് തിന്മ, ശരിയേത്, തെറ്റേത് എന്നിവ മനുഷ്യരിലെ നൈസർഗിക പ്രകൃതി തിരിച്ചറിയുന്നു. അല്ലാഹുവിന്റെ ഗുണവിശേഷ ണങ്ങളിൽ ഏതെങ്കിലും തരംതാഴ്ത്തലിനോട് അത് സമരസപ്പെടുന്നില്ല. സ്രഷ്ടാവിന് തന്റെ സൃഷ്ടികളായ മനുഷ്യരിലെ ഗുണങ്ങളോട് സാദൃശ്യം പുലർത്തു ന്നതിനോടും രാജിയാവാനാവില്ല. എന്നാൽ മധ്യകാല യൂറോപ്പിലെ ചർച്ചുകളിലെ ആചാരങ്ങളാൽ 'ദൈവ ത്തിൽ അതൃപ്തരായ' ചിലരും 'യഥാർത്ഥ ജന്മപാപ വും' 'ദൈവം പുത്രനിൽ വസിക്കുന്നു' എന്ന അവകാശ വാദവും ചിലരെ അങ്ങനെ ചെയ്യിക്കുകയുണ്ടായി. 'പ്രകൃതിമാതാവ്' എന്നും 'ഭൗതികലോകം' എന്നും പേരുകളുള്ള പുതിയ നിർവചനങ്ങളെ ആരാധിച്ചു കൊണ്ടവർ 'രക്ഷപ്പെട്ടു'. ഭൗതിക സാങ്കേതികതയുടെ പുരോഗതി മൂലം വ്യത്യസ്ത മതങ്ങളിലുള്ള ചിലർ മറ്റു ചിലതിനെ സ്വീകരിക്കുകയുണ്ടായി. 'ദൈവത്തെ മറന്നേക്കുക','ഈ ജീവിതം ജീവിച്ചുതീർക്കുകയും ആ സ്വദിക്കുകയും ചെയ്യുക' എന്നീ സങ്കൽപങ്ങളെയാ ണവർ സ്വീകരിച്ചത്. റോമാക്കാരുടെ 'കുലദൈവത്തെ' അഥവാ 'ആഗ്രഹങ്ങളുടെ ദൈവത്തെ' ആരാധിക്കലാ ണിതെന്ന വസ്തുത തിരിച്ചറിയാതെയാണവർ ആരാധ ന തിരഞ്ഞെടുത്തത്.

ഭൗതിക പുരോഗതിയാകട്ടെ ഇന്ന് ആത്മീയ ശൂന്യത സൃഷ്ടിച്ചു. ഇത് സ്ങ്കീർണമായ സാമൂഹ്യ, സാമ്പത്തിക,

രാഷ്ട്രീയ, മനശാസ്ത്രപരമായ പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്തു. അവരവരുടെ 'മതങ്ങളിൽ നിന്ന് ഓടിയൊളിച്ചു'. പലരും അവയുടെ പുനരന്വേഷ ണത്തിലാണ്. വിവിധ മാർഗങ്ങളിലൂടെ താന്താങ്ങളുടെ ദൈനംദിന ജീവിതത്തിലെ സങ്കീർണതകളിൽ നിന്ന് 'രക്ഷപ്പെടാനുള്ള' ശ്രമത്തിലാൺ മറ്റു ചിലർ. ഖുർആനിനെയും ഇസ്ലാമിനെയും പരിശോധിക്കാൻ സൌഭാഗ്യം സിദ്ധിച്ചവരാവട്ടെ, ഭൂമിയിൽ മനുഷ്യന്റെ സാന്നിധ്യത്തിന്റെ ഉദ്ദേശങ്ങൽ പൂർത്തിയാക്കാനുള്ള ജീവിതധർമ്മപദ്ധതിയുമായി മുന്നോട്ട് പോകുന്നു. ഏതെങ്കിലും തെറ്റായ ദൈവത്തിന്റെ അടിമത്തത്തിലേ ക്കെത്തിക്കാനായി മനുഷ്യന് അല്ലാഹുവിനെ ആവശ്യ മില്ല. പ്രകൃതി, മയക്കുമരുന്ന്, കാമം, ധനം, ഇതര മനുഷ്യർ, അഭിലാഷം, ലൈംഗികത എന്നിവയാണാ കൃത്രിമ ദൈവങ്ങൾ.

സ്രഷ്ടാവിന് പരിപൂർണമായ ഗുണവിശേഷണങ്ങൾ ഉണ്ട്. അവനാണ് ഒന്നാമൻ. അവന് മുംബ് ഒന്നുമില്ല. അവാണ് അവസാനത്തവൻ. അവനല്ലാത്ത എല്ലാം അവസാനിക്കും. അവൻ ഏറ്റവും ഉന്നതനാണ്. അവ നെക്കാൾ ഉന്നതനായി ഒന്നുമില്ല. ഏറ്റവും സമീപസ്ഥ നാണവൻ. അവന്റെ എത്തിപ്പെടലിനും അവന്റെ വ്യാപ്തിക്കും അതീതമായി ഒന്നുമില്ല. സാമീപ്യത്തിൽ ഏറ്റവും ഉന്നതനും അവൻ തന്നെയാണ്. അവനാണ് എന്നെന്നും ജീവിക്കുന്നവൻ, അവനിലേക്കാണ് നമ്മുടെ യെല്ലാം മടക്കവും. അവിടെയെല്ലാവരും ഏറ്റവും പരിപൂർണതയിലും നീതിയിലും കൈകാര്യം ചെയ്യ പ്പെടും.

അവൻ സന്താനത്തെ ജനിപ്പിക്കുന്നില്ല, അവനാകട്ടെ ജനിച്ചവനുമല്ല. യേശുവിൽ ദിവ്യതയുടെ ഗുണങ്ങൾ കണ്ടെത്തുന്നവർ അദ്ധേഹം ഒരമ്മയുടെ ഗർഭപാത്ര ത്തിലായിർന്നു എന്ന കാര്യം മറക്കുകയോ അവഗണി ക്കുകയോ ചെയ്യുന്നു. അദ്ദേഹത്തിൻ ഭക്ഷണം ആവശ്യ മായിരുന്നു. അദ്ദേഹം ജനിക്കുകയും വളർന്നൊരു മനുഷ്യനാവുകയും ചെയ്യുകയാണുണ്ടായത്. ഇസ്രയേ ൽ സന്തതികൾക്കുള്ള സന്ദേശമെന്ന നിലയിൽ ഇൻ

ജിലിൽ അവൻ വിശ്വസിച്ചിരുന്നു. തന്നെ ആരാധിക്കരു തേയെന്ന് തന്റെ രാജ്യത്തോട് ആവശ്യപ്പെടുന്ന ഒരു മനുഷ്യപ്രവാചകൻ. ഭക്ഷണവും നടത്തവും ഉറക്കവും വിശ്രമവും ആവശ്യമായിരുന്ന ഒരു മനുഷ്യൻ. അദ്ദേഹത്തിന് ദിവ്യമായ കഴിവുകൾ ഉണ്ടായി രുന്നില്ല. കാരണം യേശു ആവശ്യക്കാരനായിരുന്നു. എന്നാൽ യേശുവിന്റെ ദൈവമായ അല്ലാഹുവാകട്ടെ ഏത് അപൂർണതയിൽ നിന്നും ഏറെ അകലെയാണ്.

ബുദ്ധിസം, ഹിന്ദുയിസം, സൌരാഷ്ട്രനിസം, രസ്തഫാരി യനിസം എന്നിവയെ ക്കുറിച്ചാണെങ്കിൽ ഇവയെല്ലാം ഒന്നല്ലെങ്കിൽ മറ്റൊരു രീതിയിൽ ജീവനുള്ളതോ അല്ലാത്തതോ ആയ സൃഷ്ടികളെ ആരാധിക്കുന്നതിന്റെ രൂപങ്ങളാണ്.ഇസ്രയേലിലെ 'വർഗ്ഗദൈവം' എന്ന നിലയിലേക്ക് അല്ലാഹുവിനെ ചുരുക്കി ഒരു ദേശീയത നൽകുകയാണ് ജൂതന്മാർ ചെയ്തത്. ഇത്തരം മതങ്ങളെ പിൻപറ്റുന്ന എല്ലാ പുരുഷനമാരും സ്ത്രീകളും തങ്ങളുടെ സ്രഷ്ടാവിനെ-അല്ലാഹുവിനെ- ആരാധിക്കുകയെന്ന പ്രകൃതിധത്തമായ പ്രവണതയോ ടെയാണ് ജനിച്ചിരിക്കുന്നത്. അവരവരുടെ മാതാപിതാ ക്കളാണ് അവരവരുടെ മതങ്ങളിലേക്കവരെ എത്തി ച്ചത്. തനിക്ക് ചുറ്റുമുള്ള അല്ലാഹുവിന്റെ അടയാള ങ്ങളിലേക്കോ, അല്ലെങ്കിൽ ഖുർആനിലേക്കൊ ഒരാൾ തിരിഞ്ഞാൽ; അല്ലെങ്കിൽ അവനിൽ കുടി കൊള്ളുന്ന അല്ലാഹുവിനെ മാത്രം ആരാധിക്കാനുള്ള തൃഷ്ണയുടെ ഉദ്ദീപനത്തിന് പ്രാരംഭം കുറിച്ചാൽ തിരിച്ചു പോക്കി ന്റെ സമാരംഭം കുറിക്കുകയായി. ഇന്ന് കാണുന്ന അന്തർദേശീയ ഇസ്ലാമിക വ്യാപനത്തിന് നിദാനം ഇതു തന്നെയാണ്.

ലോകവ്യാപകമായി ഇസ്ലാം മീഡിയയാൽ വൈകൃതവ ൽക്കരിക്കപ്പെടുകയാണിന്ന്.
ഇങ്ങനെയൊക്കെയാണെങ്കിലും, ചില മുസ്ലിം ഭരണാധി കാരികളുടെയും ഭരണീയരുടെയും ചീത്ത ആചാരങ്ങ ൾ ഉണ്ടെന്നിരിക്കിലും, സത്യാന്വേഷികൾ ഇസ്ലാമിനെ അതിന്റെ തനത് പ്രമാണങ്ങളിലൂടെ വിലയിരുത്തി ക്കൊണ്ടിരിക്കുകയാണ്. ആഗോള വ്യാപകമായി

അല്ലാഹുവിന്റെ. മതത്തെ ആശ്ലേഷിക്കുന്നവരുടെ എണ്ണത്തിലുള്ള വർധനവിന് സാക്ഷിയാകാൻ നമുക്ക് കഴിയുന്നത് മറ്റൊന്നുകൊണ്ടുമല്ല. ഈ സത്യത്തിന്റെ ലോകവ്യാപനം ഇസ്ലാമിനെതിരെയുള്ള എതിർപ്പിനെ തീക്ഷ്ണമാക്കുനു. ഇത് 'നാഗരികതകൾ'തമ്മിലുള്ള സംഘട്ടനമല്ല. ഇസ്ലാമിന്റെ തത്വങ്ങളും സ്രഷ്ടാവിൽ നിന്ന് അവതീർണമായ യഥാർഥ സത്യവുമായി തെറ്റായ തത്വങ്ങളും ആരാധനാ മാർഗ്ഗങ്ങളും നടത്തുന്ന സംഘട്ടനമാണ്. സത്യം തേടുന്നവർക്കുള്ള യഥാർത്ഥ വെല്ലുവിളിയാണിത്. മനുഷ്യൻ ഒരു ലക്ഷയ്ത്തിന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം പൂർത്തി യാക്കുക എന്നതാണത്. എന്തുകൊണ്ട് പറ്റില്ല? നാം ശ്വസിക്കുന്ന വായു നമ്മുടേതാണോ? നാം സ്വന്ത ത്തെയോ മറ്റുള്ളവരെയോ സൃഷ്ടിച്ചുവോ? അതോ നാം തന്നെ സ്രഷ്ടാക്കളായിരുന്നുവോ? നമ്മുടെ സ്രഷ്ടാ വിനെ ആവശ്യമുള്ളപ്പോൾ അവനെ തള്ളിക്കളയാൻ നമുക്കെന്തവകാശം? അല്ലാഹു ഏറ്റവും നീതിമാനും ഏറ്റവും ബുദ്ധിമാനുമാണ്. തന്റെ സൃഷ്ടിയിൽ അവനൊരിക്കലും ആശയക്കുഴപ്പ്ം ആഗ്രഹിച്ചിട്ടില്ല. അവൻ സ്വീകരിക്കുന്ന മതം അവൻ തന്നെ തിരഞ്ഞെടുത്തതാണ്. അതിന്റെ സത്ത ഏകത്വമാണ്. കാരണം അവൻ ഏകനും ഒരേയൊരു യഥാർത്ഥ ദൈവവുമാണ്. എന്നെന്നും ജീവിച്ചിരിക്കുന്നവനും ഒരിക്കലും മരിക്കാത്തവനുമാണ്. നമുക്ക് ജീവൻ നൽകിയ ഒരുവന്റെ ഇച്ഛയ്ക്കും അവന്റെ കൽപനക്കും അനുസൃതമായ മതമാണ് ഇസ്ലാം. മാനവരാശിയുടെ ജീവിതത്തിന്റെ സമ്പൂർണ മാർഗ്ഗദർശനമാണത്.

വിശുദ്ധ ഖുർആൻ തുറന്ന മനസ്സോടെ താങ്ങൾ വായി ക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാരണം അല്ലാഹുവിന്റെ ലോകത്തെ സത്യം മറ്റൊന്നിനും ഇതിനെക്കളേറെ വ്യക്തമാക്കാൻ സാധ്യമല്ല. വിശുദ്ധഖുർആൻ അറബി യിൽ പ്രവാചകൻ മുഹമ്മദ്(സ)ന് അവതീർണ മായതാണ്. അതിന്റെ കർത്താവ് നിരക്ഷരനായ നബിയല്ല. താങ്കളുടെയടുത്തുള്ള ഗ്രന്ഥശാലയിലും

ഇസ്ലാമിക കേന്ദ്രങ്ങളിലും ഇതിന്റെ വിവിധ ഭാഷകളിലുള്ള വിവർത്തനങ്ങൾ ലഭ്യമായിരിക്കും.

ഒരാളെങ്ങനെയാണ് മുസ്ലിമാവുകയെന്നത് താങ്കൾക്ക് അറിയേണ്ടതുണ്ടാവും. മുസ്ലിമാകാൻ ഒരാൾ 'ലാഇലാഹ ഇല്ലല്ലാഹു; മുഹമ്മദുർ റസൂലുല്ലാഹി' എന്ന ശഹാദത്ത്(സത്യസാക്ഷ്യം) തുറന്ന് പ്രഖ്യാപിക്കണം. അല്ലാഹുവല്ലാതെ മറ്റൊരു യഥാർത്ഥ ദൈവമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകനാണ് എന്നും ആണതിന്റെ അർത്ഥം. അല്ലാഹുവല്ലതെ ആരാധനക്കർഹനായ മറ്റൊരു ദൈവമില്ലെന്നും പ്രവാചകന്റെ അധ്യാപനങ്ങൾക്കനുസൃതമായി മാത്രമേ അവനെ ആരാധിക്കാനാവൂ എന്നുമാണിതിന്റെ സാരം. പ്രവാചകന്റെ അനുചരന്മാർ ഈ അധ്യാപനങ്ങൾ ഏറ്റവും നന്നായി മനസ്സിലാക്കിയവരാണ്. ഉയിർത്തെഴുന്നേൽപിന്റെ നാൾ വരെ അവർ സലഫുസ്വാലിഹുകൾ(സച്ചരിതരായ പിന്മുറക്കാർ) എന്നാണ് അറിയപ്പെടുക. അത്യുന്നതനായ അല്ലാഹു നമ്മെയെല്ലാം ഈ പാതയിലൂടെ നയിക്കുമാറാകട്ടെ.

وصلى الله وسلم على نبينا محمد وآله وصحبه أجمعين.